(ബി) കേടായ സാധനങ്ങൾ മാറ്റുന്നതിൽ നേരിടുന്ന കാലതാമസവും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തു തീർക്കാത്തതുമാണ് ഇതിനു കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് ഒരു പരിഹാരമായി പഞ്ചായത്തിന്റേയും വൈദ്യുതി ബോർഡിന്റേയും സഹകരണത്തോടെ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുന്നതിനും കേടായ സാധനങ്ങൾ മാറ്റുന്നതിനുമായി ഒരു ജീവനക്കാരനെ പഞ്ചായത്തിൽ നിന്നും വേതനം നൽകി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് അത് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി വൈദ്യുതി ബോർഡ് ചെയർമാൻ അദ്ധ്യക്ഷനും പഞ്ചായത്ത് ഡയറക്ടർ കൺവീനറും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ (റൂറൽ, അർബൻ) ഊർജ്ജവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ ഡയറക്ടർ, വൈദ്യുതി ബോർഡ് ഡിസ്ട്രിബ്യൂഷൻ മെമ്പർ എന്നിവർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിവരുന്നു.

ഊർങ്ങാട്ടിരി പഞ്ചായത്തിൽനിന്നും പിടിച്ചെടുത്ത ടി.വി. സെറ്റുകൾ

80 (3168)ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ നിന്നും പിടിച്ചെടുത്ത ടി.വി. സെറ്റുകൾ നശിച്ചുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ എന്നത്തേക്ക് വിതരണം നടത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മഞ്ചേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ കസ്റ്റഡിയിലാണ് ടി.വി.സെറ്റുകൾ ഉള്ളത്.

(ബി) കോടതിയിൽ നിന്നും ടി.വി. സെറ്റുകൾ വിട്ടുകിട്ടുന്നതിന് പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിച്ചു വരുന്നു.

പന്നി വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി

81 (3169)ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മംഗലാപുരം ഗ്രാമപഞ്ചായത്തിൽ ശ്രീവർദ്ധനപുരത്തു പന്നിവളർത്തൽ കേന്ദ്രം നടത്തുന്നതിന് ആർക്കെങ്കിലും ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ലൈസൻസ് ആർക്കാണ് നൽകിയതെന്നും ലൈസൻസിയുടെ മേൽവിലാസം എന്തെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly